No. KITE/2023/1722 (1) തീയതി : 17.02.2023

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് പദ്ധതി - സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. ഈ ഓഫീസിലെ 12.08.2020 ലെ KITE/2004/2020-ITA1/10 നമ്പർ കത്ത്.
2. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 27.07.2022 ലെ D3/219/2022-G.Edn നമ്പർ കത്ത്.
3. കൈറ്റിന്റെ 28.09.2022-ലെ ഇരുപതാം ഡയറക്ടർ ബോർഡിന്റെ മിനിറ്റ്സിൽ ഐറ്റം നം. 15 പ്രകാരമുള്ള തീരുമാനം
4. 22.11.2022 ലെ D3/340/2022-GEdn നമ്പർ സർക്കാർ കത്ത്.
5. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 12.12.2022 ലെ D3/219/2022-G.Edn. നമ്പർ കത്ത്.

ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കൈറ്റിന്റെ നേതൃത്വത്തിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. പ്രൈമറി/ ഹൈസ്കൂൾ/ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങൾക്ക് പ്രത്യേക കണക്ഷനുകളും നൽകിയിരുന്നു. പ്രൈമറി വിഭാഗം സ്കൂളുകളിൽ ഇന്റർനെറ്റ് ഉപയോഗം വളരെ കുറവായതിനെത്തുടർന്ന് 1273 സ്കൂളുകളിലെ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ വിഛേദിച്ചിരുന്നു. സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കെഫോൺ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് സൂചന 1 പ്രകാരം Kerala State IT Infrastructure Ltd. (KSITIL) നോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ സംസ്ഥാനത്ത് 25762 സ്ഥാപനങ്ങളിൽ കെഫോൺ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയെന്ന് സൂചന 2 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഹൈടെക് ലാബ് പദ്ധതി പ്രകാരം കൈറ്റ് പ്രൈമറി വിഭാഗം സ്കൂളുകൾക്ക് ലഭ്യമാക്കിയ ബി.എസ്.എൻ.എൽ-ന്റെ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷനുകൾ



VICTERS The Complete Educational Channel victers.kite.kerala.gov.in
Kerala Infrastructure and Technology for Education (KITE)
Poojappura P.O. Thiruvananthapuram-695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810 contact@kite.kerala.gov.in
www.kite.kerala.gov.in
(CIN : U74999KL2017NPL049848)

പുതുക്കേണ്ടതില്ലെന്ന് സൂചന 3 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഹൈടെക്ക് ലാബ് പദ്ധതിയുടെ ഭാഗമായി പ്രൈമറി വിഭാഗം സ്കൂളുകളിൽ ബി.എസ്.എൻ.എൽ വഴി ലഭ്യമാക്കിയിട്ടുള്ള കണക്ഷനുകൾ നിലവിലെ കാലാവധിശേഷം (31.03.2023) പുതുക്കി നൽകുന്നതല്ല. പകരം കെഫോൺ കണക്ഷൻ ഉപയോഗപ്പെടുത്തേണ്ടതാണ്. ഹൈടെക് പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളിൽ കെഫോൺ ലഭ്യമാക്കിയത് സംബന്ധിച്ച വിവരങ്ങൾ kite.kerala.gov.in/broadband-ൽ KFON status ലിങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
2. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുള്ള 100 Mbps കണക്ഷനുകൾ നിലവിലെ കാലാവധിയ്ക്കു ശേഷം കൃത്യമായി ഉപയോഗിക്കുന്ന സ്കൂളുകളുടെ കണക്ഷനുകൾ മാത്രമെ പുതുക്കി നൽകുകയുള്ളൂ.
3. കെഫോൺ വഴി ലഭ്യമാക്കിയ കണക്ഷനുകൾ അതതു സ്കൂളുകളുടെ ഉത്തരവാദിത്വത്തിൽ നെറ്റ്‌വർക്ക് കോൺഫിഗർ ചെയ്ത് ഉപയോഗിക്കണമെന്ന് സൂചന 4 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ KFON Status ലിങ്കിൽ സ്കൂളിന്റെ നെറ്റ്‌വർക്കിങ് വിവരങ്ങൾ പരിശോധിച്ച് അതത് സ്കൂളിലെ റൂട്ടർ/കമ്പ്യൂട്ടറിൽ കോൺഫിഗർ ചെയ്ത് ഉപയോഗിക്കേണ്ടതാണ്. യൂസർ മാന്വൽ KFON status ലിങ്കിൽ ലഭ്യമാണ്.
4. ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലെ ബ്രോഡ്ബാന്റ് കണക്ഷന് പുറമെ കെഫോൺ കണക്ടിവിറ്റിയും ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിനായി നിലവിൽ നെറ്റ് വർക്കിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുള്ള റൂട്ടറിൽ സെക്കന്ററിയായി (WAN2 Port-ൽ) കെഫോൺ കണക്ഷൻ കോൺഫിഗർ ചെയ്യേണ്ടതാണ്.
5. കെ-ഫോൺ വഴി നിലവിൽ ഇന്റർനെറ്റ് സേവനം ലഭ്യമായിട്ടുണ്ടെങ്കിൽ സ്കൂളിലെ ഉത്തരവാദിത്തപ്പെട്ട ഓഫീസറുടെ വിവരങ്ങൾ https://selfcare.kfon.co.in ൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള തകരാർ സംഭവിച്ചാൽ അവ പരിഹരിക്കുന്നതിന് വേണ്ടിയാണ് ഈ സംവിധാനം സജ്ജീകരിച്ചിരിക്കുന്നത്.

6. കെഫോൺ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾക്കും/സാങ്കേതിക സഹായത്തിനും കെഫോണിന്റെ ഹെൽപ്പ് ഡെസ്ക് നമ്പറിൽ (+917594049980, 0484-2911970) ബന്ധപ്പെടേണ്ടതാണ്. കെഫോൺ കണക്ഷൻ മാറ്റി സ്ഥാപിക്കുന്നതിനോ പുതിയത് സ്ഥാപിക്കുന്നതിനോ ഒഴിവാക്കുന്നതിനോ selfcare.kfon.co.in ൽ ഓൺലൈനായോ info.ksitil.org ഇ-മെയിൽ വഴിയോ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

7. മുൻ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കെഫോൺ കോൺഫിഗർ ചെയ്ത് ഉപയോഗിക്കുന്ന സ്കൂളുകളും നിലവിൽ കെഫോൺ ഉപയോഗിക്കുന്ന സ്കൂളുകളും കെഫോൺ ലഭിക്കാത്ത സ്കൂളുകളും KFON Stauts ലിങ്കിൽ 2023 മാർച്ച് 15-ന് മുമ്പ് ഫീഡ്ബാക്ക് അതത് സ്കൂൾ പ്രധമാധ്യാപകരുടെ നേതൃത്വത്തിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ഹൈടെക് പദ്ധതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്കൂളുകൾക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർമാർ/
ടെക്നിക്കൽ അസിസ്റ്റന്റ്മാർക്കും
വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേക്ക്